**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 650** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഖാദി ബോർഡിന്റെ സ്ഥലം കയ്യേറിയത് ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം വെങ്ങാനൂർ തെന്നൂർക്കോണത്ത് ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനവും പതിനെട്ട് സെന്റ് വസ്തുവും സ്വകാര്യ വ്യക്തികൾ കയ്യേറിയതിന്റെ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായോ; വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയത്തിന് കീഴിൽ, തെന്നൂർക്കോണം ജംഗ്ഷനിൽ സി.വി.സ്മാരക ഗ്രന്ഥശാലയ്ക്ക് സമീപത്തുള്ള തെന്നൂർക്കോണം ഖാദി ഉൽപാദക കേന്ദ്രം തൊഴിലാളികളുടെ ലഭ്യത കുറവ് മൂലം പ്രവർത്തനം നിലയ്ക്കുകയുണ്ടായി. പ്രവർത്തനം നിലച്ച് കിടന്ന ഈ കേന്ദ്രത്തിൽ ശ്രീ.രാജേഷ്, s/o കരുണാകരൻ, നെല്ലിവിള പുത്തൻവീട്, കടയ്ക്കുളം, മുല്ലൂർ (പി.ഒ), വിഴിഞ്ഞം, തിരുവനന്തപുരം എന്ന വ്യക്തി അനധികൃതമായി കടന്നുകയറി, ടിയാൻ തടിക്കട നടത്തുന്നു. കൂടാതെ, ടി വസ്തുവിൽ തെന്നൂർക്കോണം ജൈവ സംഘം എന്ന ഒരു സ്ഥാപനം അനധികൃതമായി പ്രവർത്തിക്കുകയും ടി സ്ഥാപനം ഖാദി ബോർഡിന്റെ നിർദേശാനുസരണം ഒഴിപ്പിക്കുകയും ചെയ്തു. ശ്രീ.രാജേഷ് ബഹു: നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ടി കെട്ടിടം ഖാദീബോർഡിൽ നിന്ന് ടിയാന് വാടകയ്ക്ക് നൽകിയിട്ടുള്ളതാണെന്ന് കാണിച്ച് കോടതിയിൽ നിന്നും താൽകാലിക സ്റ്റേ ഓർഡർ വാങ്ങുകയും ആയത് ഇപ്പോഴും നിലനിൽക്കുകയും ചെയ്യുന്നു. ഖാദി ഗ്രാമ വ്യവസായ ബോർഡും ശ്രീ.രാജേഷ് എന്ന വ്യക്തിയും തമ്മിലുള്ള OS.692/2021 നമ്പർ കേസ് നിലനിൽക്കുകയാണ്. ടിയാൻ കോടതിയിൽ ബോധിപ്പിച്ചിട്ടുള്ള വാടക കരാറിന് ഖാദി ബോർഡുമായി യാതൊരു ബന്ധവും ഇല്ല. കോടതിയിൽ നിന്നും വിധിയുണ്ടാകുന്നത് വരെ ടി വസ്തുവിൽ യാതൊരു വിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ പാടില്ലായെന്നും കോടതി നിർദേശിച്ചിട്ടുണ്ട്. ഈ കേസിൽ ഖാദി ബോർഡ് സെക്രട്ടറി കക്ഷി ചേർന്നുകൊണ്ട് കേസ് നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത സ്ഥലം കയ്യേറിയവർക്കെതിരെ എന്തൊക്കെ നിയമനടപടികൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | ഈ വിഷയം സൂചിപ്പിച്ചുകൊണ്ട് 22-09-2021 ൽ വിഴിഞ്ഞം വില്ലേജ് ഓഫീസർക്ക് കത്ത് നൽകുകയും, |

| | | | |
|---|---|---|---|
| | കേസ് രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ നല്കാമോ; | | തെന്നൂർക്കോണം സി.വി.സ്മാരക ഗ്രന്ഥശാലയ്ക്ക് സമീപത്തുള്ള സ്ഥലം റീസർവ്വേ 190/8-ൽ പെട്ട 03.40 ആർ 2024 തണ്ടപ്പേർ പടി കേരള ഖാദി ബോർഡ് പേരിൽ ഉള്ളതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. ടി വസ്തുതകൾ സൂചിപ്പിച്ചുകൊണ്ട് ഖാദി ബോർഡിൽ നിന്നും 14.06.2023-ന് വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിരുന്നു. എന്നാൽ കോടതിയുടെ പരിഗണനയിലുള്ള കേസായതിനാൽ നിലവിൽ ഒഴിപ്പിക്കാനാവില്ല എന്ന് വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ശ്രീ.രാജേഷ്.കെ എന്ന വ്യക്തി നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ കേരള ഖാദി ബോർഡിന് എതിരെ O.S.No.692/2021 എന്ന നമ്പരായി കേസ് കൊടുത്തിരുന്നു. ഈ കേസിൽ ഖാദി ബോർഡ് സെക്രട്ടറി കക്ഷി ചേർന്നുകൊണ്ട് കേസ് നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (സി) | പ്രസ്തുത സ്ഥലത്തിൽ നിന്ന് അഞ്ച് സെന്റ് വസ്തു സ്വകാര്യ വ്യക്തിക്ക് വിലയാധാരം നൽകിയതിന് നിയമസാധുതയില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ആധാരം റദ്ദ് ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | നിലവിലെ രേഖകൾ പരിശോധിച്ചതിൽ തെന്നൂർക്കോണം ഖാദി ഉൽപാദക കേന്ദ്രത്തിന്റെ വസ്തു വിൽക്കാനുള്ള അനുമതി ഖാദി ബോർഡിൽ നിന്നും നാളിതുവരെ ആർക്കും നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത ആധാരം രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് നിജസ്ഥിതി പരിശോധിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത സ്ഥലത്തെ സ്ഥാപനങ്ങളിൽ ഉൽപാദന യൂണിറ്റും സെയിൽസ് ഔട്ട്ലെറ്റും ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ഒരു ഖാദി നെയ്ത്ത് കേന്ദ്രം നിർമ്മിച്ച് 20 പേർക്ക് നെയ്ത്തിൽ തൊഴിൽ നൽകുന്നതിനുള്ള പ്രൊപ്പോസൽ 2023-24-ൽ ജില്ലാ പഞ്ചായത്തിൽ നൽകിയിരുന്നെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ